**വാൾസ്ട്രീറ്റ് കയ്യടക്കിയവരുടെ പൊതുപ്രഖ്യാപനം.**
**2011 സെപ്തംബർ 29ന് ന്യൂയോർക്ക് സിറ്റിയിലെ**
**പൊതുജനസഭ അംഗീകരിച്ച രേഖ**

# കോർപ്പറേറ്റ് മുതലാളിത്തത്തിന് ഒരു കുറ്റപത്രം

**വൻ** അഴിമതിക്കെതിരായ വികാരം പ്രകടിപ്പിക്കുന്നതിന് നാമിവിടെ കൂടിചേരുമ്പോൾ, നമ്മെ ഒരുമിപ്പിക്കുന്നതിന്റെ കാരണങ്ങൾ കാണാതിരുന്നുകൂടാ. കോർപ്പറേറ്റ് ശക്തികളുടെ പീഡനമനുഭവിക്കുന്ന ലോകത്തെ മുഴുവൻ മനുഷ്യവംശത്തിനും ഞങ്ങൾ അവരുടെ സഖാക്കളാണെന്നറിയാം. ഐക്യപ്പെട്ട ഒരൊറ്റ ജനത എന്ന നിലയിൽ ഞങ്ങളീ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നു. മനുഷ്യവംശത്തിന്റെ ഭാവിക്ക് അവർ തമ്മിലുള്ള സഹകരണം ആവശ്യമാണ്. നമ്മുടെ വ്യവസ്ഥിതി നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതാകണം. വ്യവസ്ഥിതിയിലെ അഴിമതികൾക്കെതിരെ, ഓരോ വ്യക്തികളുമാണ് തന്റേയും അയൽക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കേണ്ടത്.

ഒരു ജനാധിപത്യ ഭരണകൂടം ജനങ്ങളിൽനിന്നാണ് അധികാരം സംഭരിക്കുന്നത്. എന്നാൽ കോർപ്പറേറ്റ് കമ്പനികൾ ജനങ്ങളിൽനിന്നും ഭൂമിയിൽനിന്നും സമ്പത്ത് പിഴിഞ്ഞെടുക്കുമ്പോൾ സമ്മതം ചോദിക്കുന്നില്ല. സാമ്പത്തികാധികാരം കാര്യങ്ങൾ തീരുമാനിക്കുന്നേടത്ത് യഥാർത്ഥ ജനാധിപത്യം കൈവരിക്കാനാവില്ല. ജനങ്ങളേക്കാൾ ലാഭത്തിനും, നീതിയേക്കാൾ സ്വാർത്ഥ താൽപര്യങ്ങൾക്കും, തുല്യതയേക്കാൾ അടിച്ചമർത്തലിനും സ്ഥാനം നൽകുന്ന കോർപ്പറേറ്റുകൾ നമ്മുടെ സർക്കാരിനെ നിയന്ത്രിക്കുന്ന ഘട്ടത്തിലാണ് ഞങ്ങൾ നിങ്ങൾക്കരികിലേക്ക് വരുന്നത്. ഞങ്ങൾ സമാധാനപരമായി ഇവിടെ ഒത്തുകൂടിയിരിക്കുന്നത് (അത് ഞങ്ങളുടെ അവകാശമാണ്) ഇക്കാര്യങ്ങൾ അറിയിക്കാനാണ്.

**1.** നിയമവിരുദ്ധമായ ഒരു പ്രക്രിയയിലൂടെ അവർ ഞങ്ങൾക്ക് വീടുകൾ വിലക്കിയിരിക്കുന്നു.

**2.** അവർ നികുതിദായകർക്കുള്ള ഇളവുകൾ എടുത്തു കളയുകയും ഉയർന്ന തട്ടിലുള്ളവർക്കുള്ള അധിക ബോണസ്സുകൾ നിലനിർത്തുകയും ചെയ്യുന്നു.

**3.** ലിംഗവും ലൈംഗികാഭിമുഖ്യവും തൊലിയുടെ നിറവും പ്രായവും നോക്കി അവർ തൊഴിലിടങ്ങളിൽ അസമത്വവും വിവേചനവും ശാശ്വതവൽക്കരിക്കുന്നു.

**4.** അവർ അശ്രദ്ധകൊണ്ട് ഭക്ഷ്യ വസ്തുക്കൾ വിഷമയമാക്കുകയും കുത്തകവൽക്കരിച്ച് കാർഷിക വ്യവസ്ഥയെ അട്ടിമറിക്കുകയും ചെയ്യുന്നു.

**5.** അസംഖ്യം മൃഗങ്ങളെ പീഡിപ്പിച്ചും തടവിലിട്ടും ക്രൂരത കാട്ടിയും അവർ ലാഭമുണ്ടാക്കുന്നു. എന്നാലത് സമർത്ഥമായി ഒളിപ്പിച്ചുവെക്കുകയും ചെയ്യുന്നു.

**6.** തൊഴിൽ സാഹചര്യങ്ങളെ കുറിച്ചും ശമ്പളത്തെ കുറിച്ചും കൂടിയാലോചിക്കാനുള്ള ജീവനക്കാരുടെ അവകാശം അവർ തുടർച്ചയായി നിഷേധിക്കുന്നു.

**7.** പതിനായിരക്കണക്കിന് ഡോളറിന്റെ വിദ്യാഭ്യാസ വായ്പ




കൊണ്ട് അവർ വിദ്യാർത്ഥികളെ ജാമ്യത്തടവുകാരായി വെച്ചിരിക്കുന്നു (വിദ്യാഭ്യാസം ഒരു മനുഷ്യാവകാശമായിരിക്കേ)

**8.** അവർ തുടർച്ചയായി ജോലി പുറത്തേക്കു നൽകി (outsource), അത് തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയും ശമ്പളവും വെട്ടിക്കുറക്കാനുള്ള സൗകര്യമാക്കുന്നു.

**9.** ശിക്ഷാഭയവും ഉത്തവരാദിത്തവുമില്ലാതെ, ജനങ്ങളിൽനിന്ന് അതേ അവകാശങ്ങൾ അനുഭവിക്കാൻ അവർ കോടതികളെ സ്വാധീനിക്കുന്നു.

**10.** ആരോഗ്യ ഇൻഷുറൻസുകളുടെ കരാറുകളിൽനിന്ന് വിമുക്തരാകാനുള്ള വഴി കണ്ടെത്താൻ, അവർ ലക്ഷക്കണക്കിന് ഡോളർ നിയമജ്ഞസംഘങ്ങൾക്കായി ചെലവഴിക്കുന്നു.

**11.** അവർ നമ്മുടെ സ്വകാര്യത ഒരു ചരക്കായി വിറ്റഴിക്കുന്നു.

**12.** പത്രസ്വാതന്ത്ര്യം തടസ്സപ്പെടുത്താൻ അവർ പോലീസിനെയും പട്ടാളത്തെയും ഉപയോഗിക്കുന്നു.

**13.** ജീവാപായമുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ നിരോധിക്കുന്നതിൽനിന്ന്, ലാഭക്കൊതി അവരെ പിന്തിരിപ്പിക്കുന്നു.

**14.** അവരുടെ സാമ്പത്തിക നയങ്ങൾ, ദുരന്തത്തിലേക്ക് നയിക്കുന്ന പരാജയങ്ങൾ ഉണ്ടാക്കി കഴിഞ്ഞിട്ടും, ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോഴും അവർ തന്നെ, സാമ്പത്തിക നയങ്ങൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നു.

**15.** അവരെ നിയന്ത്രിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയക്കാർക്ക് അവർ വലിയ തുകകൾ സംഭാവന നൽകുന്നു.

**16.** നമ്മെ എണ്ണയെ ആശ്രയിക്കുന്നതിൽ തന്നെ തളച്ചിടുന്നതിനായി ബദൽ ഊർജ്ജരൂപങ്ങളെ അവർ തടസ്സപ്പെടുത്തികൊണ്ടിരിക്കുന്നു.

**17.** ഇപ്പോൾതന്നെ ഒരുപാട് ലാഭം നേടിക്കഴിഞ്ഞ നിക്ഷേപകരെ രക്ഷിക്കാനായി, ജനങ്ങൾക്കാശ്വാസവും സുരക്ഷിതത്വവും നൽകാനാവുന്ന മരുന്നുകളുടെ ജനറിക് രൂപങ്ങളെ (generic forms) അവർ തടഞ്ഞുകൊണ്ടിരിക്കുന്നു.

**18.** എണ്ണ ചോർച്ചകളും അപകടങ്ങളും തെറ്റായ കണക്കുകളും ഫലപ്രദമായ ചേരുവകളും ലാഭത്തിനു വേണ്ടി അവർ മനഃപൂർവ്വം ഒളിപ്പിച്ചു വെക്കുന്നു.

**19.** മാധ്യമങ്ങളെ സ്വാധീനിച്ച് അവർ ബോധപൂർവ്വം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭീതി പരത്തുകയും ചെയ്യുന്നു.

**20.** കുറ്റകൃത്യത്തെ കുറിച്ച് ഗൗരവമായ സംശയങ്ങളുള്ളപ്പോൾപോലും തടവുകാരെ വധിക്കുവാൻ അവർ സ്വകാര്യ കരാറുകൾ സ്വീകരിക്കുന്നു.

**21.** അവർ സ്വദേശത്തും വിദേശങ്ങളിലും കൊളോണിയലിസം ശാശ്വതവൽക്കരിക്കുന്നു. പുറംരാജ്യങ്ങളിലെ നിർദോഷികളായ പൗരജനങ്ങളെ പീഢിപ്പിക്കുന്നതിലും വധിക്കുന്നതിലും പങ്കാളികളാവുന്നു.

**22.** സർക്കാർ കരാറുകൾ ലഭിക്കുന്നതിന് അവർ നശീകരണായുധങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

ലോകമെമ്പാടുമുള്ള ജനങ്ങളോട്: ഞങ്ങൾ ലിബർട്ടി സ്ക്വയറിലെ വാൾസ്ട്രീറ്റ് പിടിച്ചെടുക്കുന്ന, ന്യൂയോർക്ക് നഗരത്തിലെ പൊതുസഭ, നിങ്ങളോട് നിങ്ങളുടെ ശക്തിയെ തിരിച്ചറിയാൻ ആവശ്യപ്പെടുന്നു. സമാധാനപരമായി സംഘടിക്കാനും പൊതുസ്ഥലങ്ങൾ കൈയടക്കാനും നമ്മൾ നേരിടുന്ന പ്രശ്നങ്ങളെ സംബോധന ചെയ്യുന്ന ഒരു പ്രക്രിയ സൃഷ്ടിക്കാനും എല്ലാവർക്കും കയ്യെത്തിപ്പിടിക്കാവുന്ന ഒരു പരിഹാരം കണ്ടെത്താനും ഉള്ള നിങ്ങളുടെ അവകാശം പ്രാവർത്തികമാക്കുക.

നേരിട്ടുള്ള ജനാധിപത്യത്തിന്റെ ആത്മാവുൾക്കൊള്ളുന്ന സംഘങ്ങൾ രൂപീകരിക്കാനും പ്രവർത്തിക്കാനും തയ്യാറുള്ള എല്ലാ സമൂഹങ്ങൾക്കും പിന്തുണയും ഞങ്ങളുടെ കൈവശമുള്ള എല്ലാ സൗകര്യങ്ങളും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളോട് ചേരുക, നിങ്ങളുടെ ശബ്ദം കേൾക്കുമാറാകട്ടെ.

*(പാഠഭേദം, 2011 ഡിസംബർ)*